STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.431/PR/SPMC/PHQ/2026 Date: 21.09.2026

# പത്രക്കുറിപ്പ്

## അനധികൃത വാഹനപാർക്കിംഗ്;

## 1,08,43,600 രൂപ പിഴ ഈടാക്കി

റോഡ് യാത്ര സുരക്ഷിതമാക്കുക, ഗതാഗതതടസം ലഘൂകരിക്കുക, റോഡപകടങ്ങൾ കുറയ്ക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള പോലീസിന്റെ ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗം നടത്തിയ പ്രത്യേക പരിശോധനയിൽ നിരവധി നിയമലംഘനങ്ങൾ കണ്ടത്തി.

അനധികൃതമായി സംസ്ഥാനത്തെ വിവിധ പാതകളിൽ വാഹനം പാർക്ക് ചെയ്തവർക്കെതിരെ നിയമനടപടി സ്വീകരിച്ചു. സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധനയിൽ 32,385 വാഹനങ്ങളിൽ നിന്നായി 1,08,43,600 രൂപ പിഴ ഈടാക്കി.

2026 സെപ്റ്റംബർ ഒൻപത് മുതൽ 15 വരെ ഏഴ് ദിവസം നീണ്ട പരിശോധനയിലാണ് നിയമലംഘനം കണ്ടെത്തിയത്.

സംസ്ഥാന പാതകളിൽ 8,764, ദേശീയ പാതകളിൽ 8,441, മറ്റ് പാതകളിൽ 15,180 എന്ന രീതിയിലാണ് നിയമലംഘനങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുള്ളത്.

അപകടസാധ്യത കൂടിയ മേഖലകൾ, വാഹന സാന്ദ്രതകൂടിയ പാതകൾ, പ്രധാനപ്പെട്ട ജംഗ്ഷനുകൾ, സർവ്വീസ് റോഡുകൾ എന്നിവ കേന്ദ്രീകരിച്ചാണ് പരിശോധനകൾ നടന്നത്.

സംസ്ഥാനത്തെ ഹൈവേ പട്രോളിംഗ് വിഭാഗങ്ങളോട് തുടർന്നുള്ള ദിവസങ്ങളിൽ നിരന്തര പരിശോധന നടത്തുന്നതിനും നിയമലംഘനം ആവർത്തിക്കുന്നവർക്കെതിരെ കർശന നടപടിയെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

അനധികൃത പാർക്കിംഗ് ഗതാഗതക്കുരുക്കിന് മാത്രമല്ല പലപ്പോഴും ദേശീയപാതകളിൽ നടക്കുന്ന അപകടങ്ങളിൽപ്പെടുന്നവരെ കൃത്യസമയത്ത് അടിയന്തര ചികിത്സയ്ക്കായി ആശുപത്രിയിൽ എത്തിക്കുന്നതിനും ഭീഷണിയാകാറുണ്ട്.

ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് ഐ.ജിയുടെ നിർദേശപ്രകാരം ട്രാഫിക് നോർത്ത് സോൺ, സൗത്ത് സോൺ എസ്.പി മാരുടെ മേൽനോട്ടത്തിൽ ജില്ലാ ട്രാഫിക് നോഡൽ ഓഫീസർമാരുമായി സഹകരിച്ചാണ് പരിശോധനകൾ നടത്തിയത്. ഇത്തരം പരിശോധനകൾ തുടർന്നും നടത്തി റോഡ് ഗതാഗതം സുരക്ഷിതമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമെന്നും ഐ.ജി അറിയിച്ചു.

പൊതുജനങ്ങൾ ഇത്തരം ഗതാഗത നിയമലംഘനം ശ്രദ്ധയിൽപ്പെട്ടാൽ 974700 1099 എന്ന ***ശുഭയാത്ര*** വാട്ട്സ്ആപ്പ് നമ്പറിൽ ട്രാഫിക് ആന്റ് റോഡ് സേഫ്റ്റി മാനേജ്മെന്റ് വിഭാഗത്തെ അറിയിക്കാവുന്നതാണ്.

ഡോ. അഞ്ചൽ കൃഷ്ണകുമാർ

ഡെപ്യൂട്ടി ഡയറക്ടർ

സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ

***************************